"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്-തീരദേശ മണ്ഡലങ്ങളിലെ 47 കേന്ദ്രങ്ങളിൽ "തീരസദസ്സ്" എന്ന പേരിൽ പരിപാടി നടത്തുന്നതിന് വിവിധ കമ്മിറ്റികളും, സെല്ലുകളും രൂപീകരിച്ചും വിവിധ ചുമതലകൾ നിർണ്ണയിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.322/2023/F&P തീയതി,തിരുവനന്തപുരം, 17-04-2023

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 21-03-2023 ലെ DFTVM/1090/2023-D1 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ തീരദേശ മേഖലയിലെ ജനങ്ങളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ അവരിലേക്ക് എത്തിക്കുന്നതിനും തീരദേശ നിയോജക മണ്ഡലങ്ങളിലെ 47 കേന്ദ്രങ്ങളിൽ "തീരസദസ്സ്" എന്ന പേരിൽ പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ജനപ്രതിനിധികളെയും വിവിധ വകുപ്പ് മേധാവികളെയും പങ്കെടുപ്പിച്ച് 2023 ഏപ്രിൽ 23 മുതൽ മെയ് 25 വരെയുള്ള ദിവസങ്ങളിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. പരിപാടിയുടെ ഉദ്ദേശലക്ഷ്യങ്ങൾ, സംഘാടന രീതി എന്നിവ ചുവടെ ചേർക്കുന്നു.

- തീരദേശ മേഖലയിലെയും മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങളും പരാതികളും വിശകലനം ചെയ്തുകൊണ്ടും പരിഹാരങ്ങൾ കണ്ടെത്തിയുമുള്ള ഒരു സമഗ്രമായ വേദിയെന്ന നിലയിലാണ് തീരസദസ്സ് വിഭാവനം ചെയ്തിട്ടുള്ളത്.
- പരിപാടിയുടെ ആദ്യഘട്ടത്തിൽ അതത് പ്രദേശത്തെ ജനപ്രതിനിധികളുമായി ചർച്ച നടത്തി പ്രാദേശികമായുള്ള പ്രശ്നങ്ങളും വികസന സാധ്യതകളും വിശകലനം ചെയ്യും. തുടർന്ന് തീരസദസ്സ് സംഘടിപ്പിക്കുന്നതാണ്.
- അദാലത്തിന് സമാനമായി ഉടനടി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അവിടെ വച്ചു തന്നെ പരിഹരിക്കുകയും പരാതികൾ/നിർദ്ദേശങ്ങൾ സ്വീകരിക്കുകയും കഴിയുന്നത്ര ആനുകൂല്യങ്ങളുടെ വിതരണവും ഉൾപ്പെടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.
- തീരദേശ മേഖലയുടെ വികസന പ്രവർത്തനങ്ങളും മത്സ്യത്തൊഴിലാളി മേഖലയിൽ നടത്തി വരുന്ന ഇടപെടലുകളും വിശദീകരിക്കുന്ന ലഘുചിത്രങ്ങളുടെ പ്രദർശനവും അതത് തീരദേശ മേഖലയിലെ പ്രതിഭകളെ ആദരിക്കലും പരിപാടിയുടെ ഭാഗമായി ഉണ്ടാകും.
- തീരസദസ്സിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് ഉന്നയിക്കാനുള്ള പരാതികൾ സംസ്ഥാന മത്സ്യബന്ധന വകുപ്പിന്റെ ഓദ്യോഗിക വെബ് സൈറ്റായ www.fisheries.kerala.gov.in എന്ന സൈറ്റിൽ "തീരസദസ്സ്" എന്ന പ്രത്യേക പോർട്ടലിൽ സ്വീകരിക്കുന്നതാണ്.

- ഏപ്രിൽ 15 നകം പരാതികൾ വെബ് സൈറ്റ് മുഖാന്തിരം സ്വീകരിക്കുന്നതാണ്. മത്സ്യഭവനുകൾ വഴിയും മേൽപ്പറഞ്ഞ തീയതി വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതും സൈറ്റിൽ അപ്‌ലോഡ് ചെയ്യാവുന്നതുമാണ്.

2) തീരസദസ്സിന്റെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കോ- ഓർഡിനേഷൻ കമ്മിറ്റികളും ഡയറക്ടറേറ്റ് തലത്തിൽ മോണിറ്ററിംഗ് സെല്ലും സംസ്ഥാനതല പ്രചാരണ കമ്മിറ്റിയും ജില്ലാ അദാലത്ത് സെല്ലും രൂപീകരിക്കുന്നതിന് പരാമർശ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ പ്രൊപോസൽ സമർപ്പിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തീരസദസ്സിന്റെ സുഗമമായ നടത്തിപ്പിനായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിൽ കോ- ഓർഡിനേഷൻ കമ്മിറ്റികളും ഡയറക്ടറേറ്റ് തലത്തിൽ മോണിറ്ററിംഗ് സെല്ലും സംസ്ഥാനതല പ്രചാരണ കമ്മിറ്റിയും ജില്ലാ അദാലത്ത് സെല്ലും ചുവടെ പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

**<u>സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റി</u>**

| | |
|---|---|
| ശ്രീ. സജി ചെറിയാൻ,<br><br>ബഹു. ഫിഷറീസ്, സാംസ്കാരിക, യുവജനകാര്യ വകുപ്പ് മന്ത്രി | ചെയർമാൻ |
| ശ്രീ. എ.എൻ. ഷംസീർ,<br><br>ബഹു. നിയമസഭാ സ്പീക്കർ | അംഗം |
| ശ്രീ. ആന്റണി രാജു,<br><br>ബഹു. ഗതാഗത വകുപ്പ് മന്ത്രി | അംഗം |
| ശ്രീ. പി. പ്രസാദ്,<br><br>ബഹു. കൃഷി വകുപ്പ് മന്ത്രി | അംഗം |
| ശ്രീ. പി.എ. മുഹമ്മദ് റിയാസ്,<br><br>ബഹു. പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി | അംഗം |
| ശ്രീ. വി. അബ്ദു റഹിമാൻ,<br><br>ബഹു. കായികം, ഹജ്ജ്, വഖഫ് വകുപ്പ് മന്ത്രി | അംഗം |
| ശ്രീ. അഹമ്മദ് ദേവർ കോവിൽ,<br><br>ബഹു. തുറമുഖ വകുപ്പ് മന്ത്രി | അംഗം |

| | |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ,<br><br>ബഹു. വനം വകുപ്പ് മന്ത്രി | അംഗം |
| ശ്രീ.വി. ശിവൻകുട്ടി,<br><br>ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി | അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ് | അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, സിവിൽ സപ്ലൈസ് വകുപ്പ് | അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് | അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ് | അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പ് | അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ് | അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ് | അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ് | കൺവീനർ |
| ഡയറക്ടർ, ഫിഷറീസ് വകുപ്പ് | കോ- കൺവീനർ |
| ചെയർമാൻ, മത്സ്യഫെഡ് | അംഗം |
| ചെയർമാൻ, കെ.എഫ്.ഡബ്ല്യൂ.എഫ്.ബി | അംഗം |
| ചീഫ്, കോസ്റ്റൽ പോലീസ് | അംഗം |
| ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിങ് വകുപ്പ് | അംഗം |
| മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ് | അംഗം |

| | |
|---|---|
| അഡീഷണൽ ഡയറക്ടർ, ഫിഷറീസ് വകുപ്പ് | അംഗം |

**<u>ജില്ലാതല കോ- ഓർഡിനേഷൻ കമ്മിറ്റി</u>**

| | |
|---|---|
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | ചെയർമാൻ |
| ജില്ലാ കളക്ടർ | കോ- ചെയർമാൻ |
| ജില്ലാ പോലീസ് മേധാവി | അംഗം |
| ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് | അംഗം |
| ലീഡ് ബാങ്ക് മാനേജർ | അംഗം |
| ഫിഷറീസ് ജില്ലാ ഓഫീസർ | കൺവീനർ |
| ജില്ലാ മാനേജർ, മത്സ്യഫെഡ് | കോ- കൺവീനർ |
| ജില്ലാ സപ്ലൈ ഓഫീസർ | അംഗം |
| ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം |
| ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ് | അംഗം |
| ജില്ലാ ഓഫീസർ, തുറമുഖ വകുപ്പ് | അംഗം |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിങ് വകുപ്പ് | അംഗം |

**<u>ഫിഷറീസ് ഡയറക്ടറേറ്റ്തല കോ- ഓർഡിനേഷൻ സെൽ</u>**

| | |
|---|---|
| ഫിഷറീസ് അഡീഷണൽ ഡയറക്ടർ | ചെയർമാൻ |
| ഫിഷറീസ് ജോയിന്റ് ഡയറക്ടർ, ജനകീയ മത്സ്യകൃഷി | അംഗം |
| ഫിഷറീസ് ജോയിന്റ് ഡയറക്ടർ, പ്രോജക്ട് | അംഗം |
| ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മറൈൻ എൻഫോഴ്സ്മെന്റ് | അംഗം |
| ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പി.എം.ഇ | അംഗം |
| ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മറൈൻ | അംഗം |
| ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, പ്രോജക്ട് | കൺവീനർ |

**സംസ്ഥാനതല പ്രചാരണ കമ്മിറ്റി**

| | |
|---|---|
| ശ്രീ. ഷെയ്ക്ക് പരീത്, എം.ഡി, കെ.എസ്.സി.എ.ഡി.സി | ചെയർമാൻ |
| ശ്രീ. അനിൽ, ജനറൽ മാനേജർ, കെ.എസ്.സി.എ.ഡി.സി | അംഗം |
| ശ്രീ. അനിൽ എൻ., ഡെപ്യൂട്ടി ജനറൽ മാനേജർ, മത്സ്യഫെഡ് | അംഗം |
| ശ്രീമതി ജയശ്രീ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, എസ്.എഫ്.എം.സി | അംഗം |
| ശ്രീ. സന്തോഷ് കുമാർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പി.ഐ.യു | കൺവീനർ |
| ശ്രീമതി. ബീനാ സുകുമാർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കെ.എസ്.സി.എ.ഡി.സി | കോ- കൺവീനർ |

**സംസ്ഥാനതല പ്രചാരണ കമ്മിറ്റിയുടെ ചുമതല**

തീരസദസ്സിന്റെ പ്രചാരണം, ലൈവ് സ്ട്രീമിംഗ്, വീഡിയോ ഡോക്യുമെന്റഷൻ, പ്രസ്സ് മീറ്റ് എന്നിവ സംഘടിപ്പിക്കുക.

**ജില്ലാ അദാലത്ത് സെൽ**

| | |
|---|---|
| ജില്ലാ കളക്ടർ | ചെയർമാൻ |
| ഫിഷറീസ് ജില്ലാ ഓഫീസർ | കൺവീനർ |
| ജില്ലാ ഓഫീസർ, പഞ്ചായത്ത് | അംഗം |
| ജില്ലാ ഓഫീസർ, സിവിൽ സപ്ലൈസ് വകുപ്പ് | അംഗം |
| ജില്ലാ മാനേജർ, മത്സ്യഫെഡ് | അംഗം |
| ജില്ലാ ഓഫീസർ, വിദ്യാഭ്യാസ വകുപ്പ് | അംഗം |
| ജില്ലാ ഓഫീസർ, തുറമുഖ വകുപ്പ് | അംഗം |
| ജില്ലാ ഓഫീസർ, ഹാർബർ എഞ്ചിനീയറിങ് വകുപ്പ് | അംഗം |

**ജില്ലാ അദാലത്ത് സെല്ലിന്റെ ചുമതലകൾ**

- ഫിഷറീസ് വകുപ്പിന് പുറത്തുള്ള വിഷയങ്ങളിൽ ലഭിക്കുന്ന അപേക്ഷകളിൽ അദാലത്തിൽ വെച്ച് തീർപ്പ് കല്പിക്കുവാൻ കഴിയാത്തവ കൂടുതൽ പരിശോധന നടത്തി തീർപ്പ് കല്പിക്കുന്നതിന് ജില്ലാതല അദാലത്ത് സെല്ലിൽ നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റേതെങ്കിലും വകപ്പിന്റേയോ ഉദ്യോഗസ്ഥരുടേയോ റിപ്പോർട്ടോ അഭിപ്രായമോ തേടേണ്ടതുണ്ടെങ്കിൽ അവ ശേഖരിയ്ക്കേണ്ടതാണ്.
- പരാതിക്കാരിൽ നിന്നും അധിക വിവരങ്ങൾ ആവശ്യമായി വന്നാൽ അവ ശേഖരിയ്ക്കേണ്ടതാണ്.
- പരാതിയിൽ തീർപ്പ് കൽപ്പിച്ചാൽ ആ വിവരം പരാതിക്കാരനെ അറിയിക്കുകയോ ഓൺലൈൻ ആയി തൽസ്ഥിതി അപ്ഡേറ്റ് ചെയ്യുകയോ വേണം.
- തീരുമാനമെടുക്കേണ്ട വിഷയം ജില്ലാതല ഉദ്യോഗസ്ഥന്റെ അധികാരപരിധിക്കപ്പുറമുള്ളതാണെങ്കിലോ സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ട വിഷയമാണെങ്കിലോ ഇത്തരം പരാതികൾക്ക് പരിഹാരം തേടുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കി അപേക്ഷകന് വിശദമായ മറുപടി നൽകേണ്ടതാണ്.
- കൂടാതെ ഓൺലൈൻ പോർട്ടൽ വഴി പരാതി സ്വീകരിക്കൽ, അതിന്റെ പ്രോസസിംഗ് മോണിട്ടർ ചെയ്യുന്ന ചുമതല ശ്രീ. അനിൽകുമാർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (പി. എം. ഇ.) ക്ക് ആയിരിക്കും.

4) തീരസദസ്സിന്റെ ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ ജില്ലയിലും ജില്ലാ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ടും സമയക്രമം നിശ്ചയിച്ചുകൊണ്ടുമുള്ള വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

5) അദാലത്തിന് വേണ്ടിവരുന്ന പന്തൽ, പ്രോഗ്രാം നോട്ടീസ്, മൈക്ക് വാടക, കസേര, റിഫ്രഷ്മെന്റ്, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയ്ക്കായി ഒരു പ്രോഗ്രാമിന് പരമാവധി 2.5 ലക്ഷം രൂപ വരെ ചെലവഴിക്കാവുന്നതാണ്. സംസ്ഥാനതല ഉദ്ഘാടന ചെലവുകൾക്ക് പരമാവധി 5 ലക്ഷം രൂപ വരെ ചെലവഴിക്കാവുന്നതാണ്. ചെലവുകൾക്ക് വേണ്ടിവരുന്ന തുക സോഷ്യൽ മൊബിലൈസേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനായുള്ള 2405-00-103-80 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, സിവിൽ സപ്ലൈസ് വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, 9 തീരദേശ ജില്ലകൾ
ജില്ലാ പോലീസ് മേധാവി, 9 തീരദേശ ജില്ലകൾ.
ചെയർമാൻ, മത്സ്യഫെഡ്, തിരുവനന്തപുരം
ചെയർമാൻ, കെ.എഫ്.ഡബ്ല്യ.എഫ്.ബി, തൃശ്ശൂർ
ചീഫ്, കോസ്റ്റൽ പോലീസ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, എച്ച്.ഇ.ഡി, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം
എല്ലാ കമ്മിറ്റി അംഗങ്ങൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
കരുതൽ ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. ന്
ബഹു. നിയമസഭാ സ്പീക്കറുടെ പി. എസ്. ന്
ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. വനം വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. കായികം, ഹജ്ജ്, വഖഫ് വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി. എസ്. ന്
ചീഫ് സെക്രട്ടറിയുടെ പി. എ. യ്ക്ക്
ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്
ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്